# അക്കാദമിക മാസ്റ്റർപ്ലാൻ

## ഗവ. വെൽഫെയർ എൽ.പി.എസ്
### കുലശേഖരപുരം

## അക്കാദമിക് മാസ്റ്റർപ്ലാൻ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | - | ഗവ:വെൽഫയർ.എൽ.പി.എസ് കുലശേഖരപുരം |
| സ്കൂൾകോഡ് | - | 41207 |
| U-DISE കോഡ് | - | 32130500206 |
| സ്ഥാപിതമായ വർഷം | - | 1956 |
| വിദ്യാഭ്യാസജില്ല | - | കൊല്ലം |
| വിദ്യാഭ്യാസ ഉപജില്ല | - | കരുനാഗപ്പള്ളി |
| റവന്യൂജില്ല | - | കൊല്ലം |
| താലൂക്ക് | - | കരുനാഗപ്പള്ളി |
| ബ്ലോക്ക് | - | ഓച്ചിറ |
| വില്ലേജ് | - | കുലശേഖരപുരം |
| പഞ്ചായത്ത് | - | കുലശേഖരപുരം |
| പിൻകോഡ് | - | 690528 |
| ഇമെയിൽഅഡ്രസ്സ് | - | hmgwlpskspuram |

**ആമുഖം :**

കരുനാഗപ്പള്ളിതാലൂക്കിൽ കുലശേഖരപുരം പഞ്ചായത്തിൽ കുറുങ്ങപ്പള്ളി വാർഡിൽ 60 വർഷങ്ങളായി അനേകായിരം കുട്ടികളെ വിജ്ഞാനത്തിന്റെ വെള്ളിവെളിച്ചത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുന്ന വിദ്യാലയമാണ് കുലശേഖരപുരം ഗവ: വെൽഫെയർ എൽ.പി.സ്കൂൾ. 1956 ലാണ് ഈ വിദ്യാലയം സ്ഥാപിതമായത്. ഈ വിദ്യായത്തിന്റെ സ്ഥാപക മാനേജർ പനച്ചൂർവടക്കതിൽ നാണുസാറാണ്. അദ്ദേഹത്തിന്റെ വീട്ടിലെ ഒരു മുറിയിലായിരുന്നു. ആദ്യമായി സ്കൂൾ തുടങ്ങിയത്. തോടിന്റെ കരയിലുള്ള പറമ്പായതിനാൽ തോട്ടുകരസ്കൂൾ എന്നാണ് അക്കാലങ്ങളിൽ അറിയപ്പെട്ടിരുന്നത്. തുടർന്ന് സർക്കാർ ഈ സ്കൂൾ ഏറ്റെടുക്കുകയും കുറുങ്ങപ്പള്ളിവാർഡിൽ സ്ഥലം കണ്ടെത്തി പുതിയ കെട്ടിടം പണിയുകയും ചെയ്തു. എങ്കിലും പ്രദേശവാസികൾക്ക് ഇന്നും ഈ സ്കൂൾ തോട്ടുകരസ്കൂളാണ്. നാണുസാർ പ്രഥമാദ്ധ്യാപകനായി തുടങ്ങിയ ഈ സ്കൂൾ പിന്നോക്കവിഭാഗക്കാരുടെ വിദ്യാഭ്യാസത്തിൽ പ്രസ്തുലമായ പങ്കാണ് വഹിച്ചിട്ടുള്ളത്.

## പൊതുലക്ഷ്യം

ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുക.

ഓരോകുട്ടിയേയും ഒരു യൂണിറ്റായി കണക്കാക്കി അവരുടെ വിവിധ മേഖലകളിലുള്ള വികസനം ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുക. അക്കാദമിക കാര്യങ്ങൾ പൂർണ്ണത സംഭരിക്കാൻ എന്തെല്ലാം ചെയ്യണമെന്ന് കൃത്യമായി ആസുത്രണം ചെയ്യുക.

വ്യക്തമായ ആസുത്രണത്തിലൂടെ കുട്ടികളുടെ പൊതുവായ കഴിവും ഓരോകുട്ടിയുടേയും സവിശേഷമായ കഴിവും പരിമിതികളും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികളുടേയും പഠനമുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കുക.

വിദ്യാലയത്തിലെ മുഴുവൻ കുട്ടികളേയും മാനസികവും ബുദ്ധിപരവുമായ എല്ലാ കഴിവുകളും വികസിപ്പിക്കുക.

## വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

* പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ലക്ഷ്യങ്ങളിൽ ഊന്നിനിന്നുകൊണ്ട്.
* വിദ്യാലയത്തെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തി.
* ലോകത്തിലെവിടെയുമുള്ള നിശ്ചിതപ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന അറിവും കഴിവും ഈ വിദ്യാലയത്തിലെ സമപ്രായക്കാരും നേടി എന്നുറപ്പാക്കുക.
* എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കുക.
* കുട്ടികളുടെ കഴിവുകൾ കണ്ടെത്തി അവ ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക.
* സ്വയം പഠനവും കൂട്ടായ പഠനവും പഠന പ്രക്രിയയുടെ ഭാഗമാക്കുക

  മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവിക്കാനാവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജ്ജിക്കുന്നതോടൊപ്പം മതനിരപേക്ഷിത,ജനാധിപത്യബോധം തുല്യത, സഹവർത്തിത്വം, സഹകരണം, അനുതാപം തുടങ്ങി ഒരു ജനാധിപത്യ സമൂഹത്തിന്റെ മുന്നോട്ട്പോക്കിനാവശ്യമായ മൂല്യബോധങ്ങൾ ഉളവാക്കാൻ സഹായകമായ പഠനപ്രക്രിയയും പഠനാന്തരീക്ഷവും ഒരുക്കുക.
* പാരിസ്ഥിതിക അവബോധം, സാമൂഹിക അവബോധം മാലിന്യ നിർമ്മാർജന അവബോധം, ലിംഗാവബോധം, വിമർശനാവബോധം എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക.

* ലോകത്തെവിടെയുമുള്ള സമപ്രായക്കാരുമായി നേടിയ അറിവിന്റെയും കഴിവിന്റേയും അടിസ്ഥാനത്തിൽ സംവദിക്കാനുള്ള ശേഷി കൈവരിച്ചു എന്ന് ഉറപ്പാക്കുക.
* ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാ സാധ്യതകളെല്ലാം പഠന പ്രവർത്തനത്തിനായി വിനിയോഗിക്കുക.
* ക്ലാസ് മുറികൾ ആധുനിക വത്ക്കരിക്കുകയും അനുയോജ്യമായ ഇ-കണ്ടന്റ് വികസിപ്പിക്കുകയും ചെയ്യുക.
* ജനാധിപത്യപരിസ്ഥിതി സൗഹൃദ വിദ്യാഭ്യാസം സാധ്യമാകുന്ന തരത്തിൽ ഭൗതിക പരിസരത്തിലും ക്ലസ്റൂം ആർക്കിടെക്ചറിലും കാലോചിതമായ മാറ്റങ്ങൾ വരുത്തുക.
* പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസ പരിസരസാധ്യതകൾ പ്രയോജനപ്പെടുത്തുകയും സ്കൂൾ കാമ്പസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും ചെയ്യുക.
* ഒന്നാംക്ലാസ് മുതൽ വായനാസംസ്ക്കാരം പ്രത്സാഹിപ്പിക്കുക.

| മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ | | |
|---|---|---|
| അക്കാദമികം | ഭൗതികം | സാമൂഹികം |
| ലൈബ്രറി ശക്തീകരണം<br><br><br>ജൈവവൈവിധ്യപാർക്ക്<br><br>ഒന്നാംക്ലാസ് ഒന്നാംതരം<br><br>സ്കൂൾപത്രം/മാസിക<br>ശാസ്ത്രാഭിരുചി വളർത്തൽ<br>എല്ലാക്ലാസ്മുറികളും സ്മാർട്ട് ആക്കുക<br>കുട്ടികൾക്ക് ഭാഷ,ഗണിതം എന്നിവ അനായാസം കൈകാര്യം ചെയ്യാൻകഴിയുന്ന അവസ്ഥസൃഷ്ടിക്കുക. | ചിൽഡ്രൻസ് പാർക്ക്<br><br><br>കമ്പ്യൂട്ടർറൂം, മൾട്ടിമീഡിയ റൂം<br>ഡൈനിംഗ്ഹാൾ<br><br>അസംബ്ലിഹാൾ<br>മാലിന്യസംസ്ക്കരണം | പൂർവ്വ വിദ്യാർത്ഥി സംഘടന പ്രവർത്തനങ്ങൾ<br>SMC കാര്യക്ഷമമാക്കൽ<br>ഗ്രന്ഥശാലകൾ,<br>ക്ലബ്ബുകൾ<br>സന്നദ്ധസംഘടനകൾ<br>വിദ്യാഭ്യാസപ്രവർത്തകർ<br>പൂർവ്വ അധ്യാപകർ<br>സഹകരണസ്ഥാപനങ്ങൾ<br>വ്യവസായഗ്രൂപ്പുകൾ<br>എന്നിവയുടെ സേവനങ്ങൾ<br>പ്രയോജനപ്പെടുത്തൽ |

## പദ്ധതിവിശദാംശങ്ങൾ

| | മേഖല : അക്കാദമികം | ഉപമേഖല - മലയാളഭാഷ | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| എല്ലാകുട്ടികൾക്കും മലയാളഭാഷഫലപ്രദമായിവായിക്കാനും എഴുതാനുമുള്ള ശേഷി വികസിപ്പിക്കൽ | 1.പഠനനില കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തിവിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ ആദ്യവാരം | അധ്യാപകർ | |
| | 2. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കൽ (അക്ഷരം ഉറപ്പിക്കൽ,വാക്യങ്ങൾ നിർമ്മിൽ,പദക്കാർഡ് തുടങ്ങിയവ) | ,, | ,, | |
| വായനയുടെ വിവിധതലങ്ങൾ പരിചയപ്പെടുത്തുക | 3. ലൈബ്രറി പുസ്തകം തരംതിരിക്കൽ വിതരണംചെയ്യൽ,ക്ലാസ് ലൈബ്രറിദിവസം | ആഴ്ചയിൽ 2 | ,, | |
| | 4. മലയാളത്തിളക്കം പദ്ധതി | എല്ലാദിവസവും ക്ലാസ് സമയത്തിന് പുറമേ അരമണിക്കൂർ വീതം. | ,, | |
| എഴുത്തിന്റെ വിവിധതലങ്ങൾ പരിചയപ്പെടുത്തുക | 5. അസംബ്ലിയിൽ പുസ്തകപരിചയം വായനാക്കുറിപ്പ് അവതരണം | പ്രതിദിനം | | |
| | 6. പതിപ്പുകൾ മാഗസിനുകൾ പ്രകാശനം | ആഴ്ചയിൽ 1 ദിവസം | ,, | |

| | ഉപമേഖല : ഇംഗ്ലീഷാഭാഷ | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ്ഭാഷഫലപ്രദ മായിവായിക്കാനും എഴുതുവാനുംസംസാരിക്കു വുമുള്ളശേഷി വികസിപ്പിക്കൽ | 1.പഠനനില കണ്ടെത്തൽ പ്രീടെസ്റ്റ് നടത്തിവിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ ആദ്യവാരം | അധ്യാപകർ | |
| | 2. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യ മായ പ്രവർത്തനങ്ങൾ തയ്യാറാക്കൽ | ,, | ,, | |
| | 3. ലൈബ്രറി പുസ്തകങ്ങൾ തരംതിരിക്കൽ വിതരണംചെയ്യൽ | ,, | ,, | |
| | 4. ഇംഗ്ലീഷിലുള്ള അസംബ്ലി | ആഴ്ചയിൽ 1 ദിവസം | ,, | |
| | 5. ഇംഗ്ലീഷിലുള്ള ഡയറികുറിപ്പ് | പ്രതിദിനം | | |
| | 6. ഒരുദിവസം ഒരു ഭാഷാപരിപാടി എല്ലാക്ലാസിലും | പ്രതിദിനം<br>പ്രതിദിനം | ,, | |
| | 7. ഇംഗ്ലീഷ്പതിപ്പുകൾ/മാഗസിനുകൾ | ആഴ്ചയിൽ 1 ദിവസം | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല സാമ്പത്തിക വിശകലനം |
|---|---|---|---|
| ഒന്നുമുതൽ 4 വരെ ക്ലാസുകളിലെപരിസരപഠനപ്രവർത്തനങ്ങൾഫലപ്രദമായി ചെയ്യുന്നതിനും പഠനനേട്ടംഉറപ്പാക്കുന്നതിനും എല്ലാ ക്ലാസിലും ശാസ്ത്രമൂല ഉറപ്പാക്കൽ | 1. ഒന്നുമുതൽ 4വരെ ക്ലാസുകളിലെ പഠനത്തിന് സഹായതമായ ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട മെറ്റീരിയലുകളുടെ ലിസ്റ്റ് തയ്യാറാക്കൽ<br>2. തയ്യാറാക്കിയലിസ്റ്റിലെ ശേഖരിക്കേണ്ടവ,വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ,ക്ലാസ്സിൽ സൂക്ഷിക്കേണ്ടവ എന്ന് തരംതിരിക്കൽ<br>3. സാമഗ്രികൾ വാങ്ങൽ<br>4. ക്ലാസ് പി.ടി.എ യോഗത്തിൽ ശാസ്ത്രമൂല സംബന്ധിച്ച അവതരണം, സാമഗ്രികളുടെ ശേഖരണം.<br>5. 1മുതൽ 4വരെ ക്ലാസുകളിലെ ചെറുതും വലുതുമായ പരീക്ഷണങ്ങൾ ചെയ്ത് പരിശീലിക്കൽ<br>6. ശാസ്ത്രസാഹിത്യപുസ്തകങ്ങൾ ക്ലാസ് നിലവാരത്തിലുള്ളവ വാങ്ങൽ,രക്ഷിതാക്കളെ വായിപ്പിക്കൽ | . ജൂൺ മുതൽ<br>,,<br>ജൂലൈ<br>ജൂൺമുതൽ<br>,,<br>,, | അധ്യാപകർ<br>,,<br>,,<br>,,<br>,,<br>,,<br>,,<br>,, |

## ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാകുട്ടികളിലും ഗണിതവുമായി ബന്ധപ്പെട്ട അടിസ്ഥാനശേഷികൾ ഉറപ്പാക്കുക. | 1. പ്രീടെസ്റ്റ് നടത്തി കുട്ടികളുടെ പരിമിതികളും മികവുകളും കണ്ടെത്തുന്നു. | ജൂൺ മുതൽ | അദ്ധ്യാപകർ | |
| | 2. പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കൽ | ” | ” | |
| | 3. വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ | ” | ” | |
| | 4. ഗണിതലാബ് ഒരുക്കൽ | ” | ” | |
| | 5. അതിനുവേണ്ടസാമഗ്രികൾ ലിസ്റ്റ്ചെയ്യൽ, ശേഖരിക്കൽ, ശേഖരിക്കൽ | ” | ” | |
| | 6. ഗണിതമാഗസിനുകൾതയ്യാറാക്കൽ | ആഴ്ചയിൽ ഒരു ദിവസം | .. | |
| | 7. അംസംബ്ലിയിൽകുസൃതികണക്ക് അവതിരിപ്പിക്കൽ | ” | | |

## പ്രതീക്ഷിത നേട്ടങ്ങൾ

* വിദ്യാലയാന്തരീക്ഷം ശിശുസൗഹൃദമാക്കുക.
* എല്ലാ ക്ലാസ്മുറികളും ഹൈടെക് ആക്കുക.
* പരസരസൗഹൃദ വിദ്യാലയം
* എല്ലാ കുട്ടികൾക്കും ഭാഷാനൈപുണി, അടിസ്ഥാനഗണികതശേഷി എന്നിവ ഉറപ്പാക്കുക.
* കുട്ടികളിലെ സർഗ്ഗാത്മതവാസനകൾ പരിപോഷിപ്പിക്കുക
* കലാ-കായിക-പ്രവൃത്തിപരിചയ വിദ്യാഭ്യാസം മെച്ചപ്പെടുത്തുക.
* ലൈബ്രറി വിപുലീകരിച്ച് മികച്ച വായനാഅന്തരീക്ഷം സൃക്ഷിക്കുക.
* ജൈവവൈവിധ്യ ഉദ്യാനവും, അക്വേറിയവും തയ്യാറാക്കി പഠനപ്രവർത്തനങ്ങൾക്കായി ഉപയോഗപ്പെടുത്തുക.
* ഇംഗ്ലീഷ്ഭാഷ നന്നായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
* ഉച്ചഭക്ഷണത്തിനാവശ്യമായ പച്ചക്കറികൾ സ്കൂൾവളപ്പിൽ തന്നെ നട്ടുവളർത്തുക.
* രക്ഷാകർത്താക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.
* പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ടുന്ന പിന്തുണ ഉറപ്പാക്കുക.
* മാലിന്യമുക്തവിദ്യാലയത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക.
* കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ച് ഫോക്കസ് പരിധി കടക്കുക.